**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2264 — 18.12.2012 ൽ മറുപടിയ്ക്ക്

## ഡ്രൈവിംഗ് ലൈസൻസ് ബാഡ്ജ് നല്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത

| ചോദ്യം<br>ശ്രീ. കെ.കെ.നാരായണൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ)ഡ്രൈവിംഗ് ലൈസൻസിന്റെ ബാഡ്ജ് നൽകുന്നതിന് മിനിമം വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചത് മുൻകാല ഡ്രൈവർമാർക്കും തടസ്സമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) | കൃത്യമായി ലൈസൻസ് പുതുക്കി വരുന്ന മുൻകാല ഡ്രൈവർമാർക്ക്, മിനിമം വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചതുകൊണ്ട് യാതൊരു തടസ്സവുമില്ല. |
| (ബി) 8- ാം ക്ലാസ് യോഗ്യത ഇല്ലാതെ മുൻപ് ലൈസൻസ് എടുത്തിട്ടുള്ള ഡ്രൈവർമാർക്ക് ബാഡ്ജ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ലൈസൻസിന്റെ കാലാവധി തീർന്ന് 5 വർഷം കഴിഞ്ഞ ലൈസൻസുകൾ പുതുക്കുവാൻ വേണ്ടി അപേക്ഷ കിട്ടുന്ന അവസരത്തിൽ, ബാഡ്ജോടുകൂടിയ ലൈസൻസുകൾ പുതുക്കിനൽകുവാൻ വേണ്ടി നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റിന് ബാഡ്ജിന്റെ മിനിമം യോഗ്യത നിഷ്കർഷിക്കേണ്ടതില്ല എന്ന് 14/06/2011 തീയതിയിലെ സി1/14058/റ്റിസി/11 കത്ത് മുഖാന്തിരം ഗതാഗത കമ്മീഷണർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുവാനുള്ള ബാഡ്ജോടു കൂടിയ ലൈസൻസ് അനുവദിക്കുന്നതിനുള്ള മിനിമം വിദ്യാഭ്യാസ യോഗ്യത 8 - ാം ക്ലാസ് പാസായിരിക്കണം എന്നതാണ്. ഇത് ഒരു കേന്ദ്ര ചട്ടമായതിനാൽ അതിൽ ഇളവ് വരുത്തുവാനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. |

സെക്ഷൻ ഓഫീസർ.